**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 150** **20-06-2024 - ൽ മറുപടിയ്ക്ക്**

**ആർ.ടി ഓഫീസുകൾ അഴിമതിമുക്തമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഡ്രൈവിംഗ് സ്കൂൾ മാഫിയ സംഘങ്ങൾ പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | കണ്ടെത്തിയിട്ടില്ല. |
| (ബി) | ഉണ്ടെങ്കിൽ ഇത്തരം മാഫിയ സംഘങ്ങൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | ബാധകമല്ല |
| (സി) | ആർ.ടി ഓഫീസുകൾ അഴിമതിമുക്തമാക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) | ഡ്രൈവിംഗ് ലൈസൻസ് സംബന്ധിച്ചുള്ള അപേക്ഷകളിൽ ഡ്രൈവിംഗ് ടെസ്റ്റ് ഒഴികെയുള്ള എല്ലാ ടെസ്റ്റുകളും ഫെയ്സ്‌ലെസ്സ് മുഖേനയാണ് നടത്തുന്നത്. ആയതിനാൽ ലൈസൻസ് പുതുക്കൽ, തിരുത്തലുകൾ വരുത്തുന്നത്, മേൽവിലാസ മാറ്റം എന്നിവയ്ക്ക് അപേക്ഷകർ ഓഫീസിൽ വരേണ്ടതില്ല. മാത്രവുമല്ല അപേക്ഷകൾ മുൻഗണനാക്രമം അനുസരിച്ച് മാത്രമേ തീർപ്പാക്കാൻ സാധിക്കുകയുള്ളൂ. പുതിയ വാഹനങ്ങളുടെ രജിസ്ട്രേഷൻ പൂർണ്ണമായും ഓൺലൈൻ മുഖേനയാണ് നടത്തുന്നത്. ഉടമസ്ഥാവകാശം മാറ്റുന്നതിനുള്ള അപേക്ഷകൾ, ആധാർ അധിഷ്ഠിതമായി ഓൺലൈൻ വഴി സമർപ്പിക്കുകയാണെങ്കിൽ, പിന്നീട് രേഖകൾ ഓഫീസിൽ ഹാജരാക്കേണ്ടതില്ല. എല്ലാത്തരം പെർമിറ്റ് അപേക്ഷകളും പൂർണ്ണമായും ഫെയ്സ്‌ലെസാണ്. പെർമിറ്റ് അംഗീകാരം ലഭിയ്ക്കുന്ന മുറയ്ക്ക്, അപേക്ഷകർക്ക് തന്നെ പ്രിന്റ് എടുക്കാവുന്നതാണ്. വകുപ്പിലെ അഴിമതി തടയുന്നതിനായി ട്രാൻസ്പോർട്ട് കമ്മീഷണറുടെ സംസ്ഥാനതല സ്ക്വാഡ് രൂപീകരിച്ചു കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. പ്രസ്തുത സ്ക്വാഡ് ഗതാഗത വകുപ്പിന്റെ ഓഫീസുകളിൽ പരിശോധന നടത്തി, കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ